ഓണം വാരാഘോഷം - 2019

Urgent/Time Limit

ജി1/51699/2019 റ്റി.സി

ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം

തിരുവനന്തപുരം സിറ്റി

തീയതി :24.08.2019

## ദർഘാസ് നോട്ടീസ്

വിഷയം:- ഓണം വാരാഘോഷം 2019 - സുരക്ഷാ ക്രമീകരണങ്ങൾ- താത്കാലിക അടിസ്ഥാനത്തിൽ CCTV ക്യാമറകൾ സ്ഥാപിക്കുന്നത് - സംബന്ധിച്ച്:

കേരള സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 2019 ലെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ സുരക്ഷാ ക്രമീകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി വിവിധ സാംസ്കാരിക പരിപാടികൾ നടക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാ മേഖലകളിൽ 08.09.2019 മുതൽ 16.09.2019 വരെയുള്ള കാലയളവിൽ 10 വീഡിയോ ക്യാമറകളും, 100 CCTV ക്യാമറകളും 20 പബ്ലിക് അഡ്രസ്സ് സിസ്റ്റവും താത്കാലിക അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയിൽ താത്പര്യമുള്ളവർ തങ്ങളുടെ ക്വട്ടേഷൻ അപേക്ഷകൾ ചുവടെ പറയുന്ന മാതൃകയിൽ മുദ്ര വച്ച കവറിൽ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ 31.08.2019 ന് വൈകുന്നേരം 04.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. അതിനോടൊപ്പം Rs. 500/- നിരതദ്രവ്യം അടച്ച രസീതും ഹാജരാക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞു സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഈ ദർഘാസ് നടപടികൾ യാതൊരു വിധ മുന്നറിയിപ്പുകളും കൂടാതെ റദ്ദാക്കുന്നതിനും നിർത്തലാക്കുന്നതിനുള്ള അധികാരം തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ക്വട്ടേഷൻ മാതൃക :

| നമ്പർ | ഉപകരണങ്ങൾ | എണ്ണം | തുക (ഒന്നിന്) | ആകെ തുക |
|---|---|---|---|---|
| 1 | വീഡിയോ ക്യാമറ | 10 | | |
| 2 | CCTV ക്യാമറ | 100 | | |
| 3 | പബ്ലിക് അഡ്രസ്സ് സിസ്റ്റം | 20 | | |

OFFICE OF THE COMMISSIONER OF POLICE, THIRUVANANTHAPURAM CITY — Government of Kerala

24/08/2019

പോലീസ് ഡെപ്യൂട്ടി കമ്മീഷണർ
(ക്രൈംസ് & അഡ്മിനിസ്ട്രേഷൻ)
തിരുവനന്തപുരം സിറ്റി